# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2165 | 11/03/2020-ൽ മറുപടിക്ക്

### വൈദ്യുത കമ്പികൾ പൊട്ടിവീണ് ഷോക്കേറ്റുള്ള മരണങ്ങൾ

| | ചോദ്യം<br><br>**ശ്രീ.പി.കെ.ബഷീർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഓരോവർഷവും വർഷകാലത്ത് വൈദ്യുത കമ്പികൾ പൊട്ടിവീണ് നിരവധി ആളുകൾ അതിദാരുണമായി മരണപ്പെടുന്ന എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ സാങ്കേതിക വിദ്യകൾ വികസിച്ച ഈ കാലഘട്ടത്തിൽ ഇത്തരത്തിൽ വൈദ്യുത കമ്പികൾ പൊട്ടി വീണ് ഷോക്കേറ്റ് മരണപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ താഴെ പറയുന്ന സംവിധാനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുവാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>SMART – MCCB എന്ന ഉപകരണം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച് വിലയിരുത്തുന്നതിന് വൈദ്യുതി ബോർഡ് ഉത്തരവാകുകയും നെടുമങ്ങാട് ഡിവിഷന് കീഴിൽ നടപ്പാക്കാൻ നടപടികൾ ആരംഭിക്കുകയും ചെയ്തു.<br>• വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ വികസിപ്പിച്ച സംവിധാനം ഫീൽഡിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികളിലാണ്.<br>• കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് എഞ്ചിനീയർമാരും മറ്റ് സ്വതന്ത്ര ഏജൻസികളും വികസിപ്പിച്ച ഉപകരണങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികളിലാണ്. |

സെക്ഷൻ ഓഫീസർ